ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

സെപ്തംബര് 21, 2017

**ബാങ്കിങ് റെഗുലേഷൻ നിയമം, 1949 (AACS) വകുപ്പ് 35 A പ്രകാരം പുറപ്പെടുവിച്ച ഡയറക്ഷൻ-നാസിക് ജില്ലാ ഗിർനാ സഹകാരി ബാങ്ക് (നാസിക്, മഹാരാഷ്ട്ര) .**

2015 സെപ്റ്റംബർ 8 ലെ ഡയറക്ടീവ് പ്രകാരം നാസിക് ജില്ലാ ഗിർനാ സഹകാരി ബാങ്ക് (നാസിക്, മഹാരാഷ്ട്ര) 2015 സെപ്റ്റംബർ 9 ലെ ഇടപാടുകൾ അവസാനിക്കുന്ന സമയം മുതൽ 6 മാസത്തേയ്ക്ക് ഡയറക്ഷനു കീഴിൽ ആയിരുന്നു. മേൽ സൂചിപ്പിച്ച ഡയറക്ഷന്റെ കാലാവധി 2016 മാർച്ച് 3, 2016 ഓഗസ്റ്റ് 25, 2017 മാർച്ച് 7 എന്നീ തീയതികളിലെ പരിഷ്കരിച്ച ഡയറക്ടീവ് പ്രകാരം ഓരോ തവണയും 6 മാസം വീതം ദീർഘിപ്പിച്ചിരുന്നു. ഇത് വരെ പുറപ്പെടുവിച്ച ഡയറക്റ്റീവിന്റെ തുടർച്ചയായി 2017 സെപ്റ്റംബർ 1 ലെ ഡയറക്ടീവ് പ്രകാരം കാലാവധി 2018 മാർച്ച് 9 വരെ പുനരവലോകനത്തിനു വിധേയമായി ദീര്ഘിപ്പിച്ചിരിക്കുന്നു.

ഡയറക്റ്റീവിലെ മറ്റു നിബന്ധനകൾ മാറ്റമില്ലാതെ തുടരുന്നതാണ്

2017 സെപ്റ്റംബർ 1 ലെ ഡയറക്ടീവിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്ക് പരിസരത്ത് പ്രദര്ശിപ്പിച്ചിട്ടുണ്ട്.

ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഡയറക്ഷനിൽ മാറ്റം വരുത്തിയത് ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയുടെ തകർച്ചയോ മെച്ചപ്പെടലോ ആയി വ്യാഖ്യാനിക്കപ്പെടേണ്ടതില്ല.

അജിത്പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : 2017-**2018/798**